# സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

SCERT Kerala

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869
ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in


## എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2018 : സാമൂഹ്യശാസ്ത്ര പരീക്ഷയിലെ ക്രമീകരണങ്ങൾ

2018 മാർച്ചിൽ നടക്കാനിരിക്കുന്ന പത്താംതരം പരീക്ഷയിൽ സാമൂഹ്യശാസ്ത്ര ചോദ്യപേപ്പറിൽ ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. ഉള്ളടക്കഭാരവും പരീക്ഷാസമ്മർദ്ധവും ലഘൂകരിക്കുന്നതിനാണ് ഈ ക്രമീകരണം.

സാമൂഹ്യശാസ്ത്രപരീക്ഷ ചോദ്യപ്പേപ്പറിൽ **എ, ബി** എന്നിങ്ങനെ രണ്ട് ഭാഗങ്ങൾ ഉണ്ടായിരിക്കും. രണ്ട് ഭാഗങ്ങൾക്കും 40 വീതം സ്കോറുകളാണ് നൽകിയിരിക്കുന്നത്. **എ** വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും നിർബന്ധമായും ഉത്തരമെഴുതേണ്ടതാണ്. **ബി** വിഭാഗത്തിലുള്ള ചോദ്യങ്ങളിൽ നിന്ന് നിശ്ചിത എണ്ണം തിരഞ്ഞെടുത്ത് ഉത്തരം എഴുതുന്നതിന് അവസരം ലഭിക്കും.

സാമൂഹ്യശാസ്ത്രത്തിന് രണ്ട് പാഠപുസ്തകങ്ങളാണ് നിർദ്ദേശിച്ചിരുക്കുന്നത്. ഇവയിൽ നിന്നു തിരഞ്ഞെടുത്ത ഒമ്പത് അധ്യായങ്ങളാണ് **എ** വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശേഷിക്കുന്ന പന്ത്രണ്ട് അധ്യായങ്ങളെ രണ്ടിന്റെ ക്ലസ്റ്ററുകളായി തിരിച്ച് **ബി** വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ ക്ലസ്റ്ററുകളിൽ നിന്ന് കുട്ടിക്ക് ഒന്നുവീതം തിരഞ്ഞെടുത്ത് പൊതുപരീക്ഷയ്ക്കു വേണ്ടി പഠിക്കുവാൻ അവസരം ലഭിക്കും. ഇതിലൂടെ പഠനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന പാഠഭാഗങ്ങളിൽ നിന്ന് ആറ് അധ്യായങ്ങൾ ഒഴിവാക്കി പരീക്ഷാ തയാറെടുപ്പ് നടത്തുവാൻ കുട്ടികൾക്ക് കഴിയും. വിശദാംശങ്ങൾ എസ്.സി.ഇ.ആർ.ടി വെബ്സൈറ്റിൽ ലഭ്യമാണ് (www.scertkerala.gov.in).

### യൂണിറ്റ് വിശദാംശങ്ങൾ

**പാർട്ട് എ – 40 സ്കോർ**

**സാമൂഹ്യശാസ്ത്രം – I**

1. ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും
2. സമരവും സ്വാതന്ത്ര്യവും
3. കേരളം ആധുനികതയിലേക്ക്
4. രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും
5. സമൂഹശാസ്ത്രം എന്ത്? എന്തിന്?

**സാമൂഹ്യശാസ്ത്രം – II**

1. വൈവിധ്യങ്ങളുടെ ഇന്ത്യ
2. ഇന്ത്യ സാമ്പത്തിക ഭൂമിശാസ്ത്രം
3. ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും
4. ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും

**പാർട്ട് ബി – 40 സ്കോർ**

**സാമൂഹ്യശാസ്ത്രം – I**

1 ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ അല്ലെങ്കിൽ
ലോകം ഇരുപതാംനൂറ്റാണ്ടിൽ

2 സംസ്കാരവും ദേശീയതയും അല്ലെങ്കിൽ
സ്വാതന്ത്ര്യാനന്തര ഇന്ത്യ

3 പൊതുഭരണം അല്ലെങ്കിൽ
പൗരബോധം

**സാമൂഹ്യശാസ്ത്രം – II**

1 ഋതുഭേദങ്ങളും സമയവും അല്ലെങ്കിൽ
കാറ്റിന്റെ ഉറവിടം തേടി

2 ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും അല്ലെങ്കിൽ
ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

3 മാനവവിഭവശേഷി വികസനം ഇന്ത്യയിൽ അല്ലെങ്കിൽ
പൊതുചെലവും പൊതുവരുമാനവും

# 2018 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി സാമൂഹ്യശാസ്ത്രം പൊതുപരീക്ഷയിൽ വരുത്തിയ മാറ്റം

പത്താം തരത്തിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ രണ്ടു ഭാഗങ്ങളിലായി മൊത്തം 21 യൂണിറ്റുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചരിത്രം, രാഷ്ട്രതന്ത്രം, സമൂഹശാസ്ത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം എന്നീ വിഷയമേഖലകളെ ഉൾപ്പെടുത്തിയാണ് ഇത്രയും പാഠഭാഗങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. രണ്ടര മണിക്കൂർകൊണ്ട് ഇത്രയും വിപുലമായ പാഠഭാഗങ്ങളിൽ നിന്നും 80 സ്കോറിന്റെ പരീക്ഷയ്ക്ക് തയാറെടുക്കുക എന്നത് കുട്ടിക്ക് ഏറെ ശ്രമകരമാണ്. തന്നെയുമല്ല 21 യൂണിറ്റുകളിൽ നിന്നും 80 സ്കോറിന് ചോദ്യങ്ങൾ തയാറാക്കുമ്പോൾ ഒരു യൂണിറ്റിന് ശരാശരി 4 സ്കോറിൽ താഴെ മാത്രമാണ് ലഭിക്കുന്നത്. ഉള്ളടക്ക മേഖലയുടെ വൈപുല്യവും വിഷയങ്ങളുടെ വ്യാപ്തിയും പരിഗണിക്കുമ്പോൾ ഇത്രയും പാഠഭാഗങ്ങളിൽ നിന്നും പരീക്ഷയ്ക്കായി തയാറെടുക്കുന്നത് കുട്ടിയെ സംബന്ധിച്ച് മാനസികപിരിമുറുക്കത്തിന് വഴിവയ്ക്കുന്നതായി രക്ഷിതാക്കളും അധ്യാപകരും ചൂണ്ടിക്കാണിക്കുന്നു.

പൊതുവിദ്യാഭ്യാസത്തിൽ സാമൂഹ്യശാസ്ത്ര പഠനത്തിന്റെ അവസാനഘട്ടമെന്ന നിലയിൽ ഈ വിഷയമേഖലകളിൽ കുട്ടികൾ ആർജിച്ചിരിക്കേണ്ട അടിസ്ഥാനധാരണകളും ശേഷികളും നൈപുണികളും പൂർണമായും വിനിമയം ചെയ്യപ്പെട്ടു എന്ന് ഉറപ്പു വരുത്തേണ്ടത് അനിവാര്യമാണ്. ഇതു മൂലമാണ് പത്താംതരത്തിൽ ഉള്ളടക്കമേഖലയിൽ മേൽപ്പറഞ്ഞതരത്തിലുള്ള ഉള്ളടക്കാധിക്യത്തിന് കാരണമായത്. ഇതുമൂലം കുട്ടികൾക്കുണ്ടാകാവുന്ന പ്രതിസന്ധി അതിജീവിക്കുന്നതിനായി കുട്ടി എല്ലാ പാഠഭാഗങ്ങളും പഠിക്കുന്നുവെങ്കിലും പരീക്ഷാ തയാറെടുപ്പിൽ നിന്നും 25% പാഠഭാഗങ്ങൾ ഒഴിവാക്കിയാൽ ഒരുപരിധിവരെ കുട്ടികളുടെ മാനസ്സികസമ്മർദ്ദത്തെ ലഘൂകരിക്കാനാവും. ആയതിനാൽ 50% പാഠഭാഗങ്ങളിൽ നിന്നും നിർബന്ധമായും ഉത്തരമെഴുതേണ്ട ചോദ്യങ്ങളും ശേഷിക്കുന്ന 50% പാഠഭാഗങ്ങളിൽ നിന്നും ചോയ്സ് ചോദ്യങ്ങളുമാണ് ഉൾപ്പെടുത്തേണ്ടത്.

## ചോദ്യപേപ്പറിന്റെ ഘടന

സാമൂഹ്യശാസ്ത്ര ചോദ്യപേപ്പറിനെ 'എ' 'ബി' എന്നീ രണ്ടു ഭാഗങ്ങളായി തിരിക്കാം. 'എ', 'ബി' ഭാഗങ്ങളിൽ 40 വീതം സ്കോറിനുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 'എ' വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്. 'ബി' വിഭാഗത്തിലെ ഓരോ ചോദ്യങ്ങൾക്കും 'ചോയ്സ്' നൽകിയിരിക്കും. 'ചോയ്സ്' ചോദ്യങ്ങൾ ഉൾപ്പെടുന്ന യൂണിറ്റുകളെ രണ്ടിന്റെ കൂട്ടങ്ങളായാണ് പരിഗണിക്കുന്നത്. ഇവിടെ കുട്ടികൾക്ക് ഓരോ ചോദ്യനമ്പറിനു കീഴിലും രണ്ട് ചോദ്യങ്ങൾ നൽകിയിരിക്കും. ഇവ ഓരോന്നും ഓരോ യൂണിറ്റിൽ നിന്നുമുള്ളവയായിരിക്കും. കുട്ടിക്ക് ഇഷ്ടമുള്ള ചോദ്യത്തിനു ഉത്തരമെഴുതാവുന്നതാണ്. പാർട്ട് 'എ' യിൽ ഉൾപ്പെടുത്തിയ യൂണിറ്റുകളിൽ മുഴുവൻ തയാറെടുപ്പു നടത്തിയാൽ മാത്രമാണ് കുട്ടിക്ക് 50% സ്കോർ ലഭിക്കുക. പാർട്ട് 'ബി' യിൽ ഉൾപ്പെടുത്തിയ യൂണിറ്റുകളുടെ പകുതി പൊതുപരീക്ഷയ്ക്കുവേണ്ടി പഠിച്ചാൽ ശേഷിക്കുന്ന 50% സ്കോറും നേടാനാകും.

ചോദ്യപേപ്പറിലെ 'എ' വിഭാഗത്തിലേയും 'ബി' വിഭാഗത്തിലേയും പാഠങ്ങൾ മാറ്റമില്ലാതെ സ്ഥിരമായി നിലനിർത്തുന്നത് ചില പാഠങ്ങൾക്ക് പ്രത്യേക പരിഗണന ലഭിക്കുന്നതിനും ചില പാഠങ്ങൾക്ക് കുറഞ്ഞ പരിഗണന ലഭിക്കുന്നതിനും കാരണമാകും. അതിനാൽ 2018 മാർച്ചിലെ പത്താം തരം പരീക്ഷയിൽ കഴിഞ്ഞ വർഷത്തേതിൽ നിന്നും 'എ', 'ബി' വിഭാഗത്തിലെ പാഠങ്ങൾക്ക് ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സാമൂഹ്യശാസ്ത്രം I ൽ ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണവും അതിനെതിരായ വിവിധ ജനവിഭാഗങ്ങളുടെ സമരങ്ങളും പരാമർശിക്കുന്ന 'ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും' എന്ന പാഠഭാഗത്തെ 'എ' വിഭാഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പകരം സ്വതന്ത്ര ഇന്ത്യയുടെ വിവിധതരംഗങ്ങളിലുണ്ടായ മാറ്റങ്ങൾ പരാമർശിക്കുന്ന 'സ്വതന്ത്ര്യാനന്തര ഇന്ത്യ' എന്ന പാഠഭാഗത്തെ 'ബി' വിഭാഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാമൂഹ്യശാസ്ത്രം II ൽ ഉപഭോക്തൃ നിയമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന 'ഉപഭോക്താവ്: സംതൃപ്തിയും സംരക്ഷണവും' എന്ന പാഠഭാഗത്തെ 'എ' വിഭാഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പകരം ഇന്ത്യയിലെ മാനവവിഭവശേഷിയെക്കുറിച്ച് പരാമർശിക്കുന്ന 'മാനവവിഭവശേഷി വികസനം ഇന്ത്യയിൽ' എന്ന പാഠഭാഗത്തെ 'ബി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സാമൂഹ്യശാസ്ത്രം പാഠപുസ്തകം ഒന്നിൽ നിന്നും 40 സ്കോറിനുള്ള ചോദ്യങ്ങളാണ് ഉണ്ടാവുക. 'എ' വിഭാഗത്തിൽ 20 സ്കോറും 'ബി' വിഭാഗത്തിൽ 20 സ്കോറും

**പാർട്ട് എ – 20 സ്കോർ**

| ക്രമ നമ്പർ | അദ്ധ്യായം | വിഷയം | സ്കോർ |
|---|---|---|---|
| 1 | ബ്രിട്ടീഷ് ചൂഷണവും ചെറുത്ത് നിൽപ്പുകളും | ഇന്ത്യാചരിത്രം | 4 |
| 2 | സമരവും സ്വാതന്ത്ര്യവും | ഇന്ത്യാചരിത്രം | 5 |
| 3 | കേരളം ആധുനികതയിലേക്ക് | കേരളചരിത്രം | 4 |
| 4 | രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും | രാഷ്ട്രതന്ത്രം | 4 |
| 5 | സമൂഹശാസ്ത്രം എന്ത് എന്തിന് | സമൂഹശാസ്ത്രം | 3 |
| | | | **20** |

**പാർട്ട് ബി – 20 സ്കോർ**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ<br>or<br>ലോകം ഇരുപതാം നൂറ്റാണ്ടിൽ | ചരിത്രം | 6 |
| 2 | സംസ്കാരവും ദേശീയതയും<br>or<br>സ്വാതന്ത്ര്യാനന്തര ഇന്ത്യ | ചരിത്രം | 6 |
| 3 | പൊതുഭരണം<br>or<br>പൗരബോധം | രാഷ്ട്രതന്ത്രം | 8 |
| | | | **20** |

**നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകൾ (സാമൂഹ്യശാസ്ത്രം - I)**

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | വിഷയം |
|---|---|---|
| 1 | ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പുകളും | ഇന്ത്യാചരിത്രം |
| 2 | സമരവും സ്വാതന്ത്ര്യവും | ഇന്ത്യാചരിത്രം |
| 3 | കേരളം ആധുനികതയിലേക്ക് | കേരള ചരിത്രം |
| 4 | രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും | രാഷ്ട്രതന്ത്രം |
| 5 | സമൂഹശാസ്ത്രം എന്ത്? എന്തിന്? | സമൂഹശാസ്ത്രം |

**പൊതുപരീക്ഷയ്ക്ക് തിരഞ്ഞെടുത്തു പഠിക്കേണ്ട യൂണിറ്റുകൾ (സാമൂഹ്യശാസ്ത്രം - I)**

1. ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

   or

   ലോകം ഇരുപതാം നൂറ്റാണ്ടിൽ
2. സംസ്കാരവും ദേശീയതയും

   or

   സ്വാതന്ത്ര്യാനന്തര ഇന്ത്യ
3. പൊതുഭരണം

   or

   പൗരബോധം

**സാമൂഹ്യശാസ്ത്ര പാഠപുസ്തകം രണ്ടിൽ നിന്നും 40 സ്കോർ ചോദ്യങ്ങളാണ്**

**സാമൂഹ്യശാസ്ത്രം - II (40 സ്കോർ)**

**പാർട്ട് എ - 20 സ്കോർ**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | വൈവിധ്യങ്ങളുടെ ഇന്ത്യ | ഭൂമിശാസ്ത്രം | 7 |
| 2 | ഇന്ത്യ സാമ്പത്തിക ഭൂമിശാസ്ത്രം | ഭൂമിശാസ്ത്രം | 5 |
| 3 | ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും | സാമ്പത്തികശാസ്ത്രം | 4 |
| 4 | ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും | സാമ്പത്തികശാസ്ത്രം | 4 |
| | | | **20** |

**പാർട്ട് ബി - 20 സ്കോർ**

| ക്രമ നമ്പർ | യൂണിറ്റ് | വിഷയം | സ്കോർ |
|---|---|---|---|
| 1 | ഋതുഭേദങ്ങളും സമയവും<br>or<br>കാറ്റിന്റെ ഉറവിടം തേടി | ഭൂമിശാസ്ത്രം | 8 |
| 2 | ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും<br>or<br>ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ | ഭൂമിശാസ്ത്രം | 4 |
| 3 | മാനവവിഭവശേഷി വികസനം ഇന്ത്യയിൽ<br>or<br>പൊതുചെലവും പൊതുവരുമാനവും | സാമ്പത്തിക ശാസ്ത്രം | 8 |
| | **ആകെ** | | **20** |

**നിർബന്ധമായും ചോദ്യങ്ങൾ ഉൾപ്പെടുത്തേണ്ട യൂണിറ്റുകൾ (സാമൂഹ്യശാസ്ത്രം - II)**

| ക്രമ നമ്പർ | യൂണിന്റെ പേര് | വിഷയം |
|---|---|---|
| 1 | വൈവിധ്യങ്ങളുടെ ഇന്ത്യ | ഭൂമിശാസ്ത്രം |
| 2 | ഇന്ത്യ സാമ്പത്തിക ഭൂമിശാസ്ത്രം | ഭൂമിശാസ്ത്രം |
| 3 | ധനകാര്യസ്ഥാപനങ്ങളും സേവനങ്ങളും | സാമ്പത്തികശാസ്ത്രം |
| 4 | ഉപഭോക്താവ് : സംതൃപ്തിയും സംരക്ഷണവും | സാമ്പത്തികശാസ്ത്രം |

**പൊതുപരീക്ഷയ്ക്ക് തിരഞ്ഞെടുത്തു പഠിക്കേണ്ട യൂണിറ്റുകൾ (സാമൂഹ്യശാസ്ത്രം - II)**

1. ഋതുഭേദങ്ങളും സമയവും

   or

   കാറ്റിന്റെ ഉറവിടം തേടി
2. ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും

   or

   ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ
3. മാനവവിഭവശേഷി വികസനം ഇന്ത്യയിൽ

   or

   പൊതുചെലവും പൊതുവരുമാനവും

## ചോദ്യങ്ങളുടെ വിതരണം

പാർട്ട് 'എ'യിൽ 1 സ്കോർ, 3 സ്കോർ, 4 സ്കോർ എന്നിങ്ങനെയുള്ള ചോദ്യങ്ങളായിരിക്കും ഉണ്ടായിരിക്കുക. എന്നാൽ പാർട്ട് 'ബി' വിഭാഗത്തിൽ ലഘുചോദ്യങ്ങൾ ഉണ്ടായിരിക്കില്ല പകരം 3 സ്കോർ, 4 സ്കോർ, 5 സ്കോർ, 6 സ്കോർ എന്നിങ്ങനെയുള്ള ചോദ്യങ്ങളായിരിക്കും ഉൾപ്പെടുത്തുക.

ഭൂമിശാസ്ത്രത്തിൽ മാപ്പ് ഒരു നിർബന്ധിത ചോദ്യമായി പരിഗണിക്കും. ഭൗതിക, മാനവിക ഭൂമിശാസ്ത്ര സവിശേഷതകൾ ഉൾപ്പെടുത്തി ഇത്തരം ചോദ്യങ്ങൾ രൂപപ്പെടുത്തണം. ഇവയിൽ ഭൗതിക സവിശേഷതകളായ നദികൾ, പർവതങ്ങൾ, പീഠഭൂമികൾ എന്നിവയും സാംസ്കാരിക സവിശേഷതകളായ തുറമുഖങ്ങൾ, പ്രധാന നഗരങ്ങൾ, റെയിൽവേ ആസ്ഥാനങ്ങൾ തുടങ്ങിയവയാകും ഉണ്ടാവുക. ഇവ രൂപരേഖയിൽ യഥാസ്ഥാനത്ത് രേഖപ്പെടുത്തണം. ഇത്തരത്തിലുള്ള നാല് സവിശേഷതകൾ രേഖപ്പെടുത്തുന്നതിന് 4 സ്കോർ ലഭിക്കുന്നതാണ്.

**സ്കോറുകളുടെ വിതരണം**

ആകെ സ്കോർ 80

സാമൂഹ്യശാസ്ത്രം I 40

സാമൂഹ്യശാസ്ത്രം II 40

ഇവയുടെ 50% വീതം പൊതുപരീക്ഷയ്ക്ക് നിർബന്ധമായും ഉൾപ്പെടുത്തുന്ന യൂണിറ്റുകളിലും 50% തെരഞ്ഞെടുത്തു പഠിക്കാവുന്ന യൂണിറ്റുകളിലുമായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു.

**അതിഹ്രസ്വോത്തരചോദ്യങ്ങൾ (Very Short Answers)**

ഇവ പാർട്ട് എ യിൽ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു. (സ്കോർ 1)

**ഹ്രസ്വോത്തര ചോദ്യങ്ങൾ (Short Answers)**

ഇവ പാർട്ട് 'എ' യിലും പാർട്ട് 'ബി' യിലും ഉൾപ്പെടുത്തുന്നു. ഇവയ്ക്ക് 3, 4 സ്കോറുകൾ വീതമാണ് അനുവദിച്ചിട്ടുള്ളത്.

**ഉപന്യാസ ചോദ്യങ്ങൾ (Essay Questions)**

ഇവ പാർട്ട് 'ബി' യിൽ മാത്രം ഉൾപ്പെടുത്തുന്നു. 5, 6 സ്കോറുകൾ വീതമാണ് ഇത്തരം ചോദ്യങ്ങൾക്ക് നീക്കിവച്ചിരിക്കുന്നത്.

**ഭൂപടം**

ഭൂമിശാസ്ത്രത്തിലെ ഇന്ത്യയുമായി ബന്ധപ്പെട്ട അധ്യായങ്ങളിൽ നിന്നാണ് മാപ്പിനുള്ള ഉള്ളടക്കം തിരഞ്ഞെടുക്കേണ്ടത്.